**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2211** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ പൊതുവിതരണ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ പൊതുവിതരണ സംവിധാനം കൂടുതൽ വിപുലമാക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. റേഷൻ കടകളിലൂടെ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും റേഷൻ കടകളെ വൈവിദ്ധ്യവത്കരിക്കുന്നതിന്റെയും ഭാഗമായി ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തിക്കൊണ്ട് പ്രാഥമിക ഘട്ടം എന്ന നിലയിൽ എല്ലാ ജില്ലയിൽ നിന്നും കുറഞ്ഞത് 0 റേഷൻ കടകളെ വീതം തെരഞ്ഞെടുത്ത് **കെ-സ്റ്റോർ** എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. നിലവിൽ റേഷൻകടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും, ഉത്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻകടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗവുമാണ് കെ-സ്റ്റോർ എന്ന പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.<br><br>കെ-സ്റ്റോർ പദ്ധതി നടത്തുന്നതിനായി തെരഞ്ഞെടുക്കുന്ന റേഷൻ കട ലൈസൻസികൾക്ക് അധിക വരുമാനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി മിനി അക്ഷയ സെന്ററുകൾ, ശബരി ഉത്പന്നങ്ങളുടെ വിൽപ്പന 5000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം, കൂടാതെ മിൽമയുടെ സംഭരണ കാലാവധി കൂടുതലുള്ള ഉത്പന്നങ്ങൾ, മിനി എൽ.പി.ജി സിലിണ്ടർ എന്നിവ വിപണനം നടത്തുന്നതിനുള്ള സംവിധാനവും ആരംഭിക്കുന്നതാണ്.<br><br>കൂടാതെ റേഷൻ കടകൾ ആവശ്യമായ പ്രദേശങ്ങളിൽ അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക |

| | | | |
|---|---|---|---|
| | | | അന്വേഷണ വിധേയമായി കടകൾ അനുവദിച്ച് വരുന്നുണ്ട്. |
| (ബി) | കൂടുതൽ മാവേലി സ്റ്റോറുകൾ ഗ്രാമ പ്രദേശങ്ങളിൽ ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | ലഭ്യമാകുന്ന ശിപാർശകളിൽ ആവശ്യമായ സാധ്യതാ പഠനം നടത്തിയും വിൽപ്പന സാധ്യത വിലയിരുത്തിയും പ്രവർത്തന നഷ്ടം ഉണ്ടാവുകയില്ലെന്ന് ഉറപ്പു വരുത്തിയും 10.03.2022 ലെ സ.ഉ.(സാധാ)നം.587/2022/LSGD പ്രകാരം മാവേലി സ്റ്റോറുകൾക്കായി കണ്ടെത്തിയ കെട്ടിടത്തിന്റെ ആജീവനാന്ത വാടക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുവാൻ തയ്യാറാകുന്ന മുറയ്ക്ക് മാവേലി സ്റ്റോറുകൾ ഗ്രാമ പ്രദേശങ്ങളിൽ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ